(Pages : 4)

**J – 2004**

Reg. No. : ..............................

Name : ..................................

## Sixth Semester B.A. Degree Examination, March 2020

## Career Related First Degree Programme under CBCSS

## Malayalam and Mass Communication

## Core Course XI

## MX 1642 — ഭാഷാശാസ്ത്രം - ഭാഷാചരിത്രം

**(2014 Admission Onwards)**

St. Xaviers College Thumba

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. ചുണ്ടുകൾ വൃത്താകൃതിയിലാക്കി ഉച്ചരിക്കുന്ന സ്വരങ്ങളെ സൂചിപ്പിക്കുന്ന പേരെന്ത്?

2. പാട്ടിന് ലീലാതിലകകാരൻ നൽകുന്ന ലക്ഷണം എഴുതുക.

3. ഭാഷാശാസ്ത്രവിവേകം എന്ന കൃതിയുടെ രചയിതാവ്

4. നിരണംകവികൾ എന്നറിയപ്പെടുന്നത് ആരെല്ലാം?

5. കേരള ഭാഷയുടെ വികാസ പരിണാമങ്ങൾ എന്ന കൃതി എഴുതിയതാര്?

6. കേരളത്തിൽ ആദ്യകാലത്തുപയോഗിച്ചിരുന്ന രണ്ടുതരം ലിപിവ്യവസ്ഥകൾ ഏവ?

7. സംസ്കൃതജന്യവാദചർച്ചയ്ക്ക് വഴിതുറന്ന *സംസ്കൃതഹിമഗിരിഗളിതാ...* എന്നാരംഭിക്കുന്ന കേരളകൗമുദിയിലെ മംഗളശ്ലോകം ആരെഴുതിയതാണ്?

8. ഉത്തമമണിപ്രവാളമെന്നതുകൊണ്ട് ആചാര്യൻ അർത്ഥമാക്കുന്നതെന്ത്?

9. കേരളസാഹിത്യചരിത്രം എന്ന കൃതിയുടെ രചയിതാവ്.

10. മലയാളം ഉൾപ്പെടുന്ന ഭാഷാഗോത്രം ഏത്?

**(10 × 1 = 10 Marks)**

II. ഒരു ഖണ്ഡികയിൽ കവിയാതെ എട്ടു ചോദ്യത്തിന് ഉത്തരമെഴുതുക.

11. മാനകഭാഷ എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

12. വിവരണാത്മകഭാഷാശാസ്ത്രം - കുറിപ്പെഴുതുക.

13. അംഗവാക്യം, അംഗിവാക്യം എന്നിവ വ്യക്തമാക്കുക.

14. ഭാഷാകൗടലീയം - കുറിപ്പെഴുതുക.

15. സ്വരം, വ്യഞ്ജനം എന്ന വർണ്ണവിഭജനത്തിന് അടിസ്ഥാനമായിരിക്കുന്ന ഉച്ചാരണ രീതികൾ വ്യക്തമാക്കുക.

16. സ്വനിമാധിഷ്ഠിത ഉപരൂപം രൂപാധിഷ്ഠിത ഉപരൂപം എന്നിങ്ങനെ ഉപരൂപങ്ങളെ വേർതിരിക്കുന്നതിന്റെ അടിസ്ഥാനമെന്ത്?

17. ഭാഷാഗോത്രം എന്നാൽ എന്ത്?

18. പദങ്ങളെ രൂഢി, യോഗം എന്ന് വേർതിരിക്കുന്നതിന്റെ അടിസ്ഥാനമെന്ത്?

19. നാദി-ശ്വാസി ഭേദം എന്തെന്ന് വ്യക്തമാക്കുക.

St. Xaviers College, Thumba

20. പ്രാചീനശാസനങ്ങളിൽ നിന്ന് മധ്യകാലശാസനങ്ങളിലേക്കെത്തുമ്പോൾ ഭാഷാരീതിയിൽ കാണാനാവുന്ന മാറ്റം എന്ത്?

21. പാട്ടുപ്രസ്ഥാനം - കുറിപ്പെഴുതുക.

22. നാവിന്റെ ഉയർച്ച താഴ്ചകളെ ആസ്പദമാക്കിയുള്ള സ്വരോച്ചാരണത്തിലെ വർഗ്ഗീകരണം എപ്രകാരമാണ്?

**(8 × 2 = 16 Marks)**

III. നൂറ്റിയിരുപതു വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. അർത്ഥവികാസം, അർത്ഥസങ്കോചം എന്നിവ വിശദമാക്കുക.

24. പത്രഭാഷയുടെ പ്രത്യേകതകൾ വിവരിക്കുക.

25. പ്രാചീന മണിപ്രവാള കൃതികളെ പരിചയപ്പെടുത്തുക.

26. ഏകകാലികപഠനവും ബഹുകാലിക പഠനവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക.

27. എന്താണ് മിഷണറിഗദ്യം? മിഷണറി മലയാളരചനകളെ പരിചയപ്പെടുത്തുക.

28. ഉപസ്വനങ്ങൾ എന്നാലെന്ത്? ഉദാഹരണസഹിതം വ്യക്തമാക്കുക.

29. കേവലം (Simple), സങ്കീർണ്ണം (Complex), യൗഗികം (Compound) എന്നിങ്ങനെ വാക്യങ്ങളെ വിഭജിക്കുന്നതിന്റെ അടിസ്ഥാനമെന്ത്?

30. ശാസനഭാഷയുടെ പ്രത്യേകതകൾ എന്തെല്ലാം?

31. രാമചരിതത്തിൽ നിന്ന് നിരണംകൃതികളിലേക്കെത്തുമ്പോൾ മലയാളകാവ്യഭാഷയ്ക്കു വന്ന പരിണാമങ്ങൾ ഏവ?

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. മലയാളഭാഷയുടെ ഉത്പത്തിയെ സംബന്ധിച്ച മതഭേദങ്ങൾ വിശദമാക്കുക.

St. Xaviers College, Thumba

33. സമകാലികമലയാളഭാഷയുടെ രൂപവത്കരണത്തിൽ വിദേശഭാഷകൾ വഹിച്ച പങ്ക് ചർച്ച ചെയ്യുക.

34. ഭാഷാശാസ്ത്രത്തിൽ ഭാഷാഭേദത്തിനുള്ള പഠനസാധ്യതകൾ വിവരിക്കുക.

35. എഴുത്തച്ഛനും മലയാളകാവ്യഭാഷയും - ഉപന്യസിക്കുക.

**(2 × 15 = 30 Marks)**

---

St. Xaviers College, Thumba